# പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 5696

05/07/2013-ൽ
മറുപടിയ്ക്ക്

**എം.എ.കോളേജിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ നിയമനം**

**ചോദ്യം**
ശ്രീ.ബി.ഡി.ദേവസ്സി :

**മറുപടി**
ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോതമംഗലം എം.എ കോളേജിൽ വിവിധ വിഭാഗങ്ങളിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളിൽ നിയമനം ലഭിച്ച എട്ടോളം പേർക്ക് 2011 ജൂൺ ഒന്ന് മുതലുള്ള നിയമനത്തിന് എം.ജി യൂണിവേഴ്സിറ്റിയുടെ അംഗീകാരം ലഭിച്ച എങ്കിലും ഡയറക്ടറേറ്റ് ഓഫ് കൊളീജിയേറ്റ് എഡ്യൂക്കേഷനിൽ നിന്നും അനുമതി ലഭിക്കാത്തതിനാൽ ഇനിയും ശമ്പളം ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇവർക്ക് ശമ്പളവും ശമ്പള കുടിശ്ശികയും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ബി) | സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ നിയമിക്കപ്പെട്ട ഉദ്യോഗാർത്ഥികളുടെ കാര്യത്തിൽ അവർ മറ്റ് തരത്തിൽ അർഹരാണെന്നുണ്ടെങ്കിൽ അവർക്ക് നിയമനം നൽകിയ നടപടി അംഗീകരിച്ച് നൽകാവുന്നതാണെന്ന് കോളേജ് വിദ്യാഭ്യാസ ഡയറക്ടറെ അറിയിയ്ക്കുകയും അതിൻപ്രകാരം എറണാകുളം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ